REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഗ്രാമീണ മേഖലയിൽ വളർത്തുമൃഗങ്ങൾക്ക് രോഗ പരിചരണം ലഭ്യമാക്കുന്നതിന് പ്രാമുഖ്യം നൽകണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **സംസ്ഥാനത്തെ പുതിയ പൊലീസ് മേധാവിയായി രവദാ ചന്ദ്രശേഖറിനെ തെരഞ്ഞെടുത്തു.**
- **കോട്ടയം മെഡിക്കൽ കോളേജിലെ ന്യൂറോ വിഭാഗത്തിൽ ശസ്ത്രക്രിയകൾ മുടങ്ങിയെന്ന പ്രചാരണം മന്ത്രി വീണാ ജോർജ്ജ് നിഷേധിച്ചു.**
- **കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളേജിന്റെ സുവർണ്ണ ജൂബിലി അഘോഷങ്ങൾ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ മകം കലം വരവ് ഇന്ന്.**

## വാർത്തകൾ വിശദമായി

ഗ്രാമീണ മേഖലയിൽ വളർത്തുമൃഗങ്ങൾക്ക് രോഗ പരിചരണം ലഭ്യമാക്കുന്നതിന് പ്രാമുഖ്യം നൽകണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു നിർദേശിച്ചു. വളർത്തുജീവികൾക്കായി ആരോഗ്യമേളകൾ ഒരുക്കണ മെന്നും അവർ ഉത്തർപ്രദേശിലെ ബറേലി ഇന്ത്യൻ വെറ്ററിനറി റിസർച്ച് കേന്ദ്രത്തിലെ ബിരുദദാനചടങ്ങിൽ ആവശ്യപ്പെട്ടു. ആവശ്യമായ സമയത്ത് മൃഗങ്ങൾക്ക് പരിചരണം ലഭിക്കാൻ മേളകൾ പ്രയോജനപ്പെടുമെന്ന് അവർ പറഞ്ഞു. മൃഗങ്ങൾക്ക് മികച്ച വൈദ്യസഹായം നൽകുന്ന കാര്യത്തിൽ ഈ രംഗത്തെ പ്രഫഷണലുകൾ പ്രതിബദ്ധത പുലർത്തണമെന്നും രാഷ്ട്രപതി നിർദേശിച്ചു.

✪✪✪

സംസ്ഥാനത്തെ പുതിയ പൊലീസ് മേധാവിയായി രവദാ ചന്ദ്രശേഖറിനെ തെരഞ്ഞെടുത്തു. 1991 ബാച്ചിലെ IPS ഉദ്യോഗസ്ഥനും IB സ്പെഷ്യൽ ഡയറക്ടറുമാണ് രവദാ ചന്ദ്രശേഖർ. മൂന്ന് ഓഫീസർമാരുടെ UPSC പട്ടികയിൽ നിന്നാണ് രവദാ ചന്ദ്രശേഖറിനെ തിരഞ്ഞെടുത്തത്. ചുരുക്കപ്പട്ടികയിൽ സീനിയോറിറ്റിയിൽ രണ്ടാം സ്ഥാനത്തായിരുന്നു അദ്ദേഹം.

തലശ്ശേരി ASP യായും വയനാട്, മലപ്പുറം, എറണാകുളം റൂറൽ, പാലക്കാട് ജില്ലകളിൽ- SPയായും, കൊച്ചി,തൃശൂർ- DIG, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

✪✪✪

സർവീസിൽ നിന്ന് വിരമിക്കുന്ന സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബിന് കേരള പോലീസ് യാത്രയയപ്പ് നൽകി. തിരുവനന്തപുരത്ത് SAP ഗ്രൗണ്ടിൽ പൊലീസ് സേനയുടെ പരേഡോടെയാണ് അദ്ദേഹത്തിന് യാത്രയയപ്പ് നൽകിയത്.

തുറന്ന ജീപ്പിൽ പരേഡ് വീക്ഷിച്ച പൊലീസ് മേധാവി പരേഡിന് അഭിവാദ്യം സ്വീകരിച്ചു. കേരള പോലീസിന്റെ ഓദ്യോഗിക യാത്രയയപ്പു ചടങ്ങും പൊലീസ് ആസ്ഥാനത്ത് സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കോട്ടയം മെഡിക്കൽ കോളേജിലെ ന്യൂറോ വിഭാഗത്തിൽ ശസ്ത്രക്രിയകൾ മുടങ്ങിയെന്ന പ്രചാരണം തെറ്റാണെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. രണ്ട് ദിവസം മാത്രം നടത്തിയിരുന്ന ശസ്ത്രക്രിയകൾ ആഴ്ചയിൽ എല്ലാ ദിവസവും നടത്തുന്നുണ്ടെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ന്യൂറോ വിഭാഗത്തിലെ എല്ലാ തസ്തികകളിലും ഡോക്ടർമാരുണ്ടെന്നും അനസ്തേഷ്യ വിഭാഗത്തിൽ അധികം ഡോക്ടർമാരെ HDS വഴി നിയമിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഒരു മാസം 120 മുതൽ 130 വരെ ശസ്ത്രക്രിയകൾ നടത്തുന്നുണ്ടെന്നും വീണാ ജോർജ്ജ് പറഞ്ഞു.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രതിസന്ധി അന്വേഷിക്കാൻ ഗവൺമെന്റ് നിയോഗിച്ച അന്വേഷണ കമ്മീഷൻ തിരുവനന്തപുരം മെഡിക്കൽ കോളജിൽ എത്തി. നാലംഗ അന്വേഷണ സംഘം മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ മൊഴിയെടുത്തു.

✪✪✪

തിരുവനന്തപുരം പട്ടം SUT ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ നില ഗുരുതരമായി തുടരുന്നു. മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെങ്കിലും രക്തസമ്മർദ്ദവും വൃക്കകളുടെ പ്രവർത്തനവും സാധാരണ നിലയിലായിട്ടില്ലെന്ന് അല്പം മുമ്പ് പുറപ്പെടുവിച്ച മെഡിക്കൽ ബുള്ളറ്റിൻ പറയുന്നു.

✪✪✪

ധനമന്ത്രി നിർമല സീതാരാമൻ ഐക്യരാഷ്ട്ര സംഘടനയുടെ നാലാമത് അന്താരാഷ്ട്ര 'വികസന ധനസഹായ സമ്മേളന'ത്തിൽ പങ്കെടുക്കാൻ ഇന്ന് സ്പെയിനിലേക്ക് യാത്ര തിരിക്കും. സ്പെയിനിന് പുറമെ പോർച്ചുഗൽ, ബ്രസീൽ എന്നിവിടങ്ങളിലും ജൂലൈ അഞ്ച് വരെ അവർ സന്ദർശനം നടത്തും. സാമ്പത്തിക കാര്യ വകുപ്പിന്റെ ഉന്നതതല സംഘത്തിനും നിർമല സീതാരാമനാണ് നേതൃത്വം നൽകുന്നത്.

✪✪✪

ഉഭയകക്ഷിവ്യാപാരവും നിക്ഷേപ ബന്ധങ്ങളും ശക്തിപ്പെടുത്തുന്നതിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ ഉന്നതതല പ്രതിനിധി സംഘം ശ്രീലങ്കയിലെത്തി. CII മുൻ പ്രസിഡന്റും ITC ലിമിറ്റഡ് ചെയർമാനുമായ സഞ്ജീവ് പുരിയാണ് സംഘത്തെ നയിക്കുന്നത്. പ്രസിഡന്റ് അനുരകുമാര ഡിസ നായകെ, ക്യാബിനറ്റ് മന്ത്രിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി സംഘം ചർച്ച നടത്തും.

✪✪✪

ഗുജറാത്തിലെ കാണ്ട്‌ലയിൽ നിന്ന് ഒമാനിലേക്ക് പോവുകയായിരുന്ന MT -യീ ഷെങ് എണ്ണക്കപ്പലിന് തീപിടിച്ചു. നാവിക സേനയുടെ INS തബാർ തീയണയ്ക്കൽ ശ്രമങ്ങൾക്ക് നേതൃത്വം നൽകി വരുന്നു.

✪✪✪

അഞ്ച് വർഷത്തെ ഇടവേളയ്ക്ക് ശേഷം കൈലാസ് മാനസ സരോവർ യാത്ര ഇന്നു പുനരാരംഭിക്കും. കോവിഡ് വ്യാപനത്തെ തുടർന്ന് 2020ൽ തീർത്ഥാടനം നിർത്തിവച്ചിരുന്നു.

✪✪✪

അതിശക്തമായ മഴയെ തുടർന്ന് നിർത്തിവെച്ചിരുന്ന ചാർധാം യാത്ര പുനരാരംഭിച്ചു. പ്രാദേശിക കാലാവസ്ഥ വിലയിരുത്തി തീർത്ഥാടക വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താൻ അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

നാളെ മുതൽ IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നിലവിൽ വരും. ജൂലൈ അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും.

ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ കേന്ദ്രങ്ങൾ അറിയിച്ചു. നിലവിൽ 32,000 ടിക്കറ്റുകളാണ് ഓരോ മിനിറ്റിലും ബുക്ക് ചെയ്യാൻ കഴിയുന്നത്. വൈകാതെ യാത്രക്കാർക്ക് വിവിധ ഭാഷകളിൽ ടിക്കറ്റ് റിസർവേഷൻ സംവിധാനവും ലഭ്യമാക്കും.

✪✪✪

കണ്ണൂർ പള്ളിക്കുന്ന് കൃഷ്ണമേനോൻ സ്മാരക ഗവ വനിത കോളേജിന്റെ ഒരു വർഷത്തെ സുവർണ്ണ ജൂബിലി അഘോഷങ്ങൾ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഉത്തരമലബാറിലെ ഏക ഗവൺമന്റ് വനിത കോളേജായ കൃഷ്ണമേനോൻ സ്മാരക വനിത കോളേജ് 1975ൽ പയ്യാമ്പലത്ത് ജൂനിയർ കോളേജായാണ് പ്രവർത്തനം തുടങ്ങുന്നത്. ഏഴ് ഡിഗ്രി കോഴ്സുകളും മൂന്ന് പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും ഇംഗ്ലീഷ് വിഭാഗത്തിൽ ഗവേഷണ കേന്ദ്രവുമുണ്ട്. നാക്ക് ഏ ഗ്രേഡ് നേടിയ കോളേജ് കലാകായിക രംഗത്ത് സംസ്ഥാനതലത്തിലും ദേശീയ തലത്തിലും ശ്രദ്ദേയമായ നേട്ടങ്ങൾക്ക് അർഹമായിട്ടുണ്ട്. മൂന്ന് കോടി 70 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഓഡിറ്റോറിയവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 15 കോടി രൂപ ചെലവിലാണ് നാല് നിലകളായി സമുച്ചയം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രിമാരായ PA മുഹമ്മദ് റിയാസും, AK ശശീന്ദ്രനും പങ്കെടുക്കും.

✪✪✪

സംസ്ഥാന മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം നാളെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തും. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗം

അവലോകനം ചെയ്യും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, നാലു ജില്ലകളിലെ കലക്ടർമാർ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ മകം കലം വരവ് ഇന്ന്. ഉച്ചയ്ക്ക് ശേഷം സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനമുണ്ടാവില്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ

.....വോയ്സ്.......

രാവിലെ മുതൽ തന്നെ വലിയ തിരക്കാണ് അക്കരെ കൊട്ടിയൂരിൽ ദൃശ്യമാവുന്നത് . ഇന്ന് രാത്രിയോടെ മുഴക്കുന്ന് നെല്ലൂരാന്റെ നേതൃത്വത്തിലുള്ള 10 അംഗ സംഘമാണ് കലവുമായി അക്കരെ കൊട്ടിയൂരിലത്തുക. കരിമ്പനക്കൽ ചാത്തോത്ത് കയ്യാലയിലായിരിക്കും കലങ്ങൾ ഇറക്കി വെക്കുക. കൊണ്ടുവരുന്ന 156 കലങ്ങളിൽ 142 കലങ്ങൾ പൂജയ്ക്കായി എടുക്കും.മകം പൂരം ഉത്ര നാളുകളിൽ രാത്രിയിലാണ് കലം പൂജ നടകക്കുക. ഉച്ചയൊടെ ആനകളും വിശേഷ വാദ്യങ്ങളും അക്കരെ കൊട്ടിയൂരിൽ നിന്ന് പിൻവാങ്ങും.പടിഞ്ഞാറെ നടയിൽ നിന്ന് പിന്നോട്ട് നടന്നാണ് ആനകൾ ബാവലി പുഴ കടക്കുക. ഉച്ചശീവേലിക്ക് ശേഷം സത്രീകളും അക്കര സന്നിധാനത്തിൽ നിന്ന് മടങ്ങും. ഗൂഢ പൂജകളാണ് പിന്നീട് നടക്കുക. ജൂലൈ നാലിന് കലശാട്ടോടെ വൈശാഖ മഹത്സവം സമാപിക്കും.

✪✪✪

സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പ്രതിസന്ധി ഉണ്ടായെന്നാരോപിച്ച് കോൺഗ്രസിന്റെയും യൂത്ത് കോൺഗ്രസിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് പ്രതിഷേധ ധർണ നടത്തി. പ്രതിഷേധ ധർണ കോൺഗ്രസ് നേതാവ് K മുരളീധരൻ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തിന് ശേഷം കോൺഗ്രസ് പ്രവർത്തകർ മുദ്രാവാക്യം വിളികളുമായി മെഡിക്കൽ കോളേജ് സൂപ്രണ്ടിന്റെ ഓഫീസിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചു. ഇതിനിടെ പോലീസും പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി.

✪✪✪

ആരോഗ്യ മേഖലയിൽ സംസ്ഥാന ഗവൺമെന്റ് അനാസ്ഥ തുടരുകയാണെന്നാരോപിച്ച് മെഡിക്കൽ കോളജുകൾക്ക് മുന്നിൽ നാളെ ധർണ്ണ നടത്തുമെന്ന് KPCC അറിയിച്ചു. കണ്ണൂർ പരിയാരം മെഡിക്കൽ കോളജിന് മുന്നിലെ ധർണ്ണ KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഉദ്ഘാടനം

ചെയ്യും. ജൂലൈ മൂന്നിന് സംസ്ഥാനത്തെ എല്ലാ DMO ഓഫീസുകളിലേക്കും യൂത്ത് ലീഗ് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി P.K ഫിറോസും അറിയിച്ചു. ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പ്രതിഷേധം.

✪✪✪

തൃശ്ശൂർ പുതുക്കാട് നവജാത ശിശുക്കളുടെ കൊലപാതകത്തിൽ പോലീസ് പരിശോധന ആരംഭിച്ചു. കുറ്റം സമ്മതിച്ച അനിഷയേയും ഭവിനേയും ഇന്നലെ പൊലീസ് തെളിവെടുപ്പിന് എത്തിച്ചിരുന്നു.

✪✪✪

സെൻസർ ബോർഡ് റിവൈസിങ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയുടെ നിർമ്മാതാക്കൾ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും.

ജാനകിയെന്ന പേര് മാറ്റണമെന്ന തീരുമാനത്തിന്റെ പകർപ്പ് കോടതി നിർദേശപ്രകാരം സെൻസർ ബോർഡ് ഇന്ന് ഹാജരാക്കും. പതിനാറ് വയസിൽ കുറഞ്ഞവർക്ക് ഈ സിനിമ കാണുന്നതിൽ വിലക്കുണ്ടെന്നും, മതപരമായ പ്രശ്നമുണ്ടെന്നുമാണ് സെൻസർ ബോർഡിന്റെ നിലപാട്.

✪✪✪

കാസർകോട് മൂളിയാർ പൊവ്വൽ LBS എൻജിനീയറിങ് കോളേജിലെ അഞ്ചു പദ്ധതികൾ ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഗവൺമെന്റിന്റെ അഞ്ചാം നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായാണ് പ്രവർത്തികൾ പൂർത്തീകരിച്ചത്.

✪✪✪

റോഡിലെ കുഴിയിൽ വീഴാതെ സ്കൂട്ടർ വെട്ടിച്ചു മാറ്റിയ യുവാവ് ബസ് തട്ടി മരിച്ച സംഭവത്തിൽ തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ കോൺഗ്രസ് അംഗങ്ങൾ പ്രതിഷേധിച്ചു. പ്രതീകാത്മകമായി തലയിൽ ചുവന്ന മഷി ഒഴിച്ചാണ് അംഗങ്ങളെത്തിയത്. കോർപ്പറേഷൻ റോഡുകളുടെ ശോചാവസ്ഥയിൽ പ്രതിഷേധിച്ചാണ് സമരം.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ശ്രീജി*
*NRT: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*